# ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്

## ചാരുംമൂട് പി.ഒ,    ആലപ്പുഴ ജില്ല

## പതിനാലാം പഞ്ചവത്സര പദ്ധതി

# 2026–2027 വാർഷിക പദ്ധതി

# അന്തിമ പദ്ധതി രേഖ

ഉള്ളടക്കം

അദ്ധ്യായം -1

ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്  വികസനസ്ഥിതി :അവസ്ഥാവിശകലനം ............... 05

അദ്ധ്യായം -2

വാർഷിക പദ്ധതി അവലോകനം .................................................................................... 10

അദ്ധ്യായം -3

പ്രശ്നവിശകലനവും പ്രശ്നപരിഹാര സാദ്ധ്യതകളും ................................................... 13

അദ്ധ്യായം -4

വികസന കാഴ്ചപ്പാട് – ലക്ഷ്യങ്ങള്, തന്ത്രം ........................................................................... 15

അദ്ധ്യായം – 5

വികസന സ്രോതസുകളും വകയിരുത്തലുകളും ................................................... 19

അദ്ധ്യായം – 6

2023–2024 വാർഷിക പദ്ധതി പ്രോജക്ടുകളും വിശദാംശങ്ങളും .......................................... 21

അദ്ധ്യായം – 7

പ്രത്യേക പദ്ധതികള്/പരിപാടികൾ ............................................................................... 26

അദ്ധ്യായം – 8

വായ്പാബന്ധങ്ങൾ ................................................................ 32

അദ്ധ്യായം – 9

സമഗ്രപരിപാടികളും സംയോജന സാദ്ധ്യതകളും ............................................................ 33

അദ്ധ്യായം -10

മോണിട്ടറിംഗ് ............................................................................................................. 34

# ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്

# സ്റ്റാൻഡിംഗ് കമ്മിറ്റികൾ

| | | |
|---|---|---|
| ധനകാര്യം | – | ശ്രീ .സിബി വർഗ്ഗീസ് |
| | | ശ്രീ. കെ ജയമോഹൻ |
| | | ശ്രീമതി ആർ പ്രസന്ന |
| | | ശ്രീ രോഹിത് എം. എസ് |
| വികസനം | – | ശ്രീമതിസ്വപ്ന സുരേഷ്. |
| | | ശ്രീ. ജസ്റ്റിൻ ജേക്കബ് |
| | | ശ്രീമതി അശ്വതി |
| ക്ഷേമകാര്യം | – | ശ്രീ രാമകൃഷ്ണൻ.എസ്സ്. |
| | | ശ്രീമതി ശോശാമ്മ കെ ജി |
| | | ശ്രീമതി പ്രഭ |
| ആരോഗ്യ – വിദ്യാഭ്യാസം | – | ശ്രീമതി. ഡി രോഹിണി. |
| | – | ശ്രീമതി. സീന യൂസഫ് |
| | – | ശ്രീ നിയാസ് എസ് |

# ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാന വിവരങ്ങൾ

| | | | |
|---|---|---|---|
| 1. | ബ്ലോക്ക് പഞ്ചായത്ത് | : | ഭരണിക്കാവ് |
| 2. | താലൂക്ക് | : | മാവേലിക്കര |
| 3. | വില്ലേജുകൾ | : | ഭരണിക്കാവ്, കറ്റാനം, ചുനക്കര, നൂറനാട് |
| 4. | ഗ്രാമപഞ്ചായത്തുകൾ | : | ഭരണിക്കാവ്, ചുനക്കര, നൂറനാട്, പാലമേൽ<br>മാവേലിക്കര-താമരക്കുളം, വള്ളികുന്നം |
| 5. | ജില്ല | : | ആലപ്പുഴ |
| 6. | അതിരുകൾ | : | വടക്ക് – മാവേലിക്കര ബ്ലോക്ക്<br>കിഴക്ക് – പന്തളംമുനിസിപ്പാലിറ്റി, പറക്കോട് ബ്ലോക്ക്<br>തെക്ക്-ശാസ്താകോട്ട ബ്ലോക്ക്<br>പടിഞ്ഞാറ്- മുതുകുളം ബ്ലോക്ക് |
| 7. | ജനസംഖ്യ (2011 സെൻസസ് പ്രകാരം) | | |
| | പുരുഷൻമാർ | : | 93417 |
| | സ്ത്രീകൾ | : | 107838 |
| | ആകെ | : | 201255 |
| 8. | പട്ടികജാതി ജനസംഖ്യ | | |
| | പുരുഷൻമാർ | : | 13365 |
| | സ്ത്രീകൾ | : | 14361 |
| | ആകെ | : | 27726 |
| 9. | പട്ടികവർഗ്ഗം | | |
| | പുരുഷൻമാര് | : | 19 |
| | സ്ത്രീകൾ | : | 18 |
| | ആകെ | : | 37 |
| 10. | വിസ്തൃതി | : | 6729 സ്വ. കി. മീറ്റർ |

അദ്ധ്യായം – 1

# ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്
# വികസനസ്ഥിതി – അവസ്ഥാവിശകലനം

ഐക്യകേരളം രൂപം കൊണ്ടിട്ട് അറുപത്തി ആറ് വർഷം പിന്നിട്ടിരിക്കുന്നു. പതിമൂന്ന് പഞ്ചവത്സരപദ്ധതികൾ പൂർത്തിയാക്കുകയും 14–ആം പഞ്ചവൽസര പദ്ധതിയുടെ പ്രോജക്ട് തയ്യാറാക്കിവരികയാണ്. ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിൽ ഇതുവരെയുള്ള വികസനാനുഭവങ്ങളെ വിമർശനബുദ്ധിയോടെ വിലയിരുത്തുവാനും പോരായ്മകൾ ഒഴിവാക്കി മുന്നോട്ടുപോകുവാനുമുള്ള സമയമാണിത്.

പ്രാഥമിക മേഖലകളുടെ വികസനത്തിന് ഊന്നൽ നൽകി ഒന്നാം പഞ്ചവത്സരപദ്ധതി (1951–1956) ആരംഭിച്ചപ്പോൾത്തന്നെ പ്രാദേശികതലത്തിൽ സാമൂഹിക സാമ്പത്തിക വികസന പ്രവർത്തനങ്ങൾ ആരംഭിക്കുകയും അതിന്റെ അനുഭവത്തിൽനിന്നും ദേശീയ വിജ്ഞാന വ്യാപനപരിപാടികൾ നടപ്പാക്കുവാനുള്ള ഏജൻസികളായാണ് 1952 ലെ ഗാന്ധിജയന്തി ദിനത്തിൽ എൻ.ഇ.എസ് ബ്ലോക്കുകൾ നിലവിൽ വന്നത്. തുടക്കത്തിൽ ഒരു ലക്ഷം പേർക്ക് ഒരു ബ്ലോക്ക് എന്ന നിലയിൽ വിഭാവനം ചെയ്തിരുന്ന സംവിധാനമാണ് ഇന്നും ബ്ലോക്കുതലത്തിൽ തുടരുന്നത്.

ത്രിതല പഞ്ചായത്ത് സംവിധാനം വന്നതോടെ ഭരണിക്കാവ് ബ്ലോക്കിന്റെ പരിധിയിൽ വരുന്ന ഭരണിക്കാവ്, ചുനക്കര, നൂറനാട്, പാലമേൽ, മാവേലിക്കര–താമരക്കുളം, വള്ളികുന്നം എന്നീ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് രൂപം കൊണ്ടു.

ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ ജില്ലയുടെ തെക്കുകിഴക്ക് ഭാഗത്തായാണ് ഈ ബ്ലോക്ക് പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. തെക്കുവശത്ത് കൊല്ലം ജില്ലയും കിഴക്ക് വശത്ത് പത്തനംതിട്ട ജില്ലയും അതിരുകളാണ്. ബ്ലോക്ക് പഞ്ചായത്ത് ആസ്ഥാനമായ ചാരുംമൂട്ടിൽ കൂടി കടന്നുപോകുന്ന കായംകുളം–പുനലൂർ സംസ്ഥാന പാതയിൽ നാലുകിലോമീറ്റർ മുതൽ 22 കിലോമീറ്റർ വരെയുള്ള റോഡിന്റെ ഇരുവശങ്ങളിലുമായിട്ടാണ് ഈ ബ്ലോക്ക് പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്.

ഭരണിക്കാവ്, കറ്റാനം, നൂറനാട്, വള്ളികുന്നം, ചുനക്കര, പാലമേൽ എന്നീ 7 റവന്യൂ വില്ലേജുകളും 116 ഗ്രാമപഞ്ചായത്ത് വാർഡുകളും നൂറനാട്, ഭരണിക്കാവ്, കൃഷ്ണപുരം എന്നീ 3 ജില്ലാ പഞ്ചായത്ത് ഡിവിഷനുകളും ഈ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്നു. കൂടാതെ കായംകുളം, മാവേലിക്കര അസംബ്ലി നിയോജക മണ്ഡലങ്ങളുടേയും മാവേലിക്കര, ആലപ്പുഴ പാർലമെൻറ് നിയോജക മണ്ഡലങ്ങളുടേയും ഭാഗമാണ് ഈ ബ്ലോക്ക് പഞ്ചായത്ത്.

2011 ലെ സെൻസസ് പ്രകാരം ബ്ലോക്കിലെ ആകെ ജനസംഖ്യ 201255 ആണ്. ജനസംഖ്യയിൽ സ്ത്രീകളാണ് മുന്നിൽ. ഭൂരിപക്ഷം ജനങ്ങളും കൃഷിക്കാരാണ്. കാർഷിക മേഖലയെ

അടിസ്ഥാനമാക്കിയ ഒരു സമ്പദ് വ്യവസ്ഥയാണ് ഓണാട്ടുകരയിൽപ്പെട്ടുന്ന ഈ ബ്ലോക്ക് പഞ്ചായത്തിൽ നിലനിൽക്കുന്നത്. പരമ്പരാഗതമായ ഹ്രസ്വകാല വിളകളില് നിന്നും ദീർഘകാല നാണ്യവിളകളിലേക്ക് കൃഷിക്കാർ മാറിയതോടെ ഭക്ഷ്യവിളകളുടെ ഉൽപ്പാദനം, തൊഴിലാളുകളുടെ ദൗർലഭ്യം, ജലസേചന രംഗത്തെ അപര്യാപ്തതകൾ എന്നിവ പൊതുവെ കാർഷിക രംഗത്തെ പ്രതിസന്ധിക്ക് കാരണമായി. എടുത്തു പറയത്തക്ക വ്യവസായങ്ങൾ ഒന്നും തന്നെ ബ്ലോക്ക് പരിധിയിൽ ഇല്ല. വിവിധ മേഖലകളിൽ സ്വയം തൊഴിൽ ചെയ്യുന്നവരുടെ എണ്ണവും കുറവാണ്. ജനസംഖ്യയിൽ ബഹുഭൂരിപക്ഷവും പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയവരാണ്. സാക്ഷരത രംഗത്ത് സംസ്ഥാന, ജില്ലാ തലത്തിൽ പ്രശസ്തമായ പ്രവർത്തനങ്ങൾ ഈ ബ്ലോക്ക് പ്രദേശത്ത് നടന്നിട്ടുണ്ട്. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങിൽ ജോലി ചെയ്യുന്നവരും സ്വകാര്യ മേഖലയിൽ പണി ചെയ്യുന്നവരുമായ ആളുകളുടെ എണ്ണം 15 ശതമാനത്തിൽ അധികരിക്കില്ല. വിദേശരാജ്യങ്ങളിൽ തൊഴിൽ തേടി പോയിട്ടുള്ളവരുടെ സമ്പാദ്യമാണ് സമ്പദ് വ്യവസ്ഥയിൽ പ്രധാനപ്പെട്ട മറ്റൊരു വരുമാന സ്രോതസ്.

**വികസനരംഗത്തെ വെല്ലുവിളികൾ**

കാർഷിക മേഖലയിലെ സ്തംഭനാവസ്ഥ തന്നെയാണ് മുഖ്യമായ വെല്ലുവിളി. ഓണാട്ടുകര പദ്ധതി പ്രദേശവും അപ്പർകുട്ടനാടന് മേഖലയും ഈ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്നുവെങ്കിലും വികസന രംഗത്ത് കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. നമ്മുടെ പ്രധാന ഭക്ഷ്യവിളയായ നെല്ലിന്റെ ഉൽപ്പാദനത്തിൽ ഗണ്യമായി കുറവ് സംഭവിച്ചിട്ടുണ്ട്. റബ്ബർ കൃഷി വ്യാപകമായതോടെ ഇടവിളകൃഷി പേരിന് മാത്രമായി. തെങ്ങിന്റെ ഉൽപ്പാദന ക്ഷമത ജില്ലയിലെ മറ്റ് ബ്ലോക്ക് പ്രദേശങ്ങളെ അപേക്ഷിച്ച് കുറവാണ്. കീടരോഗബാധ, വർദ്ധിച്ച ചെലവ് വിലനിലവാര കുറവ്, വിപണന സംഭരണ രംഗത്തെ അപര്യാപ്തതകൾ എന്നിവയാണ് പ്രധാനപ്പെട്ട കാരണങ്ങൾ. പച്ചക്കറി കൃഷി വ്യാപകമാണെങ്കിലും ഉപഭോഗം വളരെ കൂടുതൽ ആയതുകൊണ്ട് അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന ധാരാളം പച്ചക്കറികൾ ഇവിടെ വിറ്റഴിയുന്നുണ്ട്. നാടൻ പച്ചക്കറി കൃഷിയെ പ്രോത്സാഹിപ്പിക്കുകയും വിപണന രംഗത്ത് അമിതലാഭം കൊയ്യുന്ന ഇടത്തട്ടുകാരെ ഒഴിവാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. വെറ്റിലക്കൊടി, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, വാഴ എന്നിവയും പ്രധാന കൃഷികളാണ്. ക്ഷീരസംഭരണ വിപണനരംഗത്ത് സഹകരണസംഘങ്ങൾ ധാരാളമായി പ്രവർത്തിക്കുന്നുണ്ട്. പാൽ ഉത്പാദനത്തില് ആലപ്പുഴ ജില്ലയിൽ ഒന്നാമതെത്താൻ ഇക്കാലയളവിൽ ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ടെങ്കിലും ഇനിയും വളരെയേറെ മുന്നോട്ട് പോകേണ്ടതായിട്ടുണ്ട്. നല്ലയിനം പശുക്കളുടെ ലഭ്യതക്കുറവ്, പരിചരണചെലവുകളുടെ വർദ്ധനവും പാലിന് ലഭിക്കുന്ന വിലവും തമ്മിലുള്ള പൊരുത്തക്കേട് എന്നിവയ്ക്ക് പരിഹാരം കണ്ടെത്തണം. മുട്ട, മാംസം എന്നിവയുടെ കാര്യത്തിലും ഈ ബ്ലോക്ക് അതിർത്തിയിൽ ഉപയോഗത്തിനനുസരിച്ചുള്ള ഉൽപാദനമില്ല.

വ്യവസായരംഗത്ത് നാം വളരെ പിന്നിലാണ്. കശുവണ്ടി കോർപ്പറേഷൻ നടത്തുന്ന രണ്ട് കശുവണ്ടി ഫാക്ടറികള് പണയിൽ, കരിമുളയ്ക്കൽ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നു. സ്വകാര്യമേഖലയിൽ ഒട്ടേറെ കശുവണ്ടി ഫാക്ടറികൾ ആരംഭിച്ചുവെങ്കിലും പലതും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഏതാനും ഇഷ്ടിക നിർമ്മാണ ഫാക്ടറികളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. വള്ളികുന്നത്ത് ഒരു പേപ്പര് നിർമ്മാണ ഫാക്ടറിയുണ്ട്. നാളീകേര വികസന ബോർഡിന്റെ സഹായത്തോടെ ഓണാട്ടുകര കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയും പ്രവർത്തനമാരംഭിച്ചിട്ടുണ്ട് ആത്മ (ATMA) യുടെ സഹായത്തോടെ പാലമേൽ ഗ്രാമപഞ്ചായത്തിൽ തനിമ എന്ന പേരിൽ ഒരു

പഴസംസ്കരണ യൂണീറ്റും ചുനക്കര  പഞ്ചായത്തിൽ ഒരു ജൈവവള നിർമ്മാണ യൂണീറ്റും നല്ല നിലയിൽ പ്രവർത്തിക്കുന്നു.  വള്ളികുന്നത്തുണ്ടായിരുന്ന ടൈൽസ് ഫാക്ടറി അടച്ചുപൂട്ടി.

മൂലധനത്തിന്റെ അപര്യാപ്തത, സംരഭകരുടെ വൈദഗ്ധ്യക്കുറവ്, വിപണന സൗകര്യമില്ലായ്മ എന്നിവ വ്യവസായ രംഗത്തെ വളർച്ചയ്ക്ക് വെല്ലുവിളിയായി മാറിയിരിക്കുന്നു.  റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ നല്ല സാധ്യതകളുണ്ട്.  12 ക്രഡിറ്റ് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.  ബഹുഭൂരിപക്ഷവും നല്ല നിലയിൽ പ്രവർത്തിക്കുന്നുവെങ്കിലും വള്ളികുന്നം  സഹകരണസംഘം അടച്ചുപൂട്ടി.

വാസയോഗ്യമായ വീടില്ലാത്തവരുടെ എണ്ണം വളരെ കൂടുതലാണ്.  വീട് വെയ്ക്കാൻ സ്വന്തമായി ഭൂമിയില്ലാത്തവരും ധാരാളമുണ്ട്.  സംസ്ഥാന ഗവൺമെന്റ് ലൈഫ് മിഷൻ പദ്ധതിയിലൂടെ വീടില്ലാത്ത എല്ലാവർക്കും വീട് വെച്ച് നൽകുന്ന ഒരു ബൃഹത് പദ്ധതി ഏറ്റെടുത്തിരിക്കുകയാണ്.  അതിൻറെ ആദ്യഘട്ടമെന്ന രൂപത്തിൽ വിവിധ പദ്ധതികളിലൂടെ വീടുപണി പൂർത്തീകരിച്ചു.  ലൈഫ് 2020 ൽ ഉൾപ്പെട്ട 503 ഗുണഭോക്താക്കളുടെ ടാർജറ്റ് സർക്കാർ നിർണ്ണയിച്ചു നൽകുകയും ആയതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.  കൂടാതെ പി.എം.എ.വൈ ഭവന പദ്ധതി പ്രകാരം അനുവദിച്ച 225 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചുവരുന്നു.

വേനൽക്കാലത്ത് ബ്ലോക്ക് പഞ്ചായത്തിന്റെ പല ഭാഗത്തും കുടിവെള്ള ക്ഷാമം രൂക്ഷമാണ്. കൂടുതൽ ജലസ്രോതസ്സുകൾ കണ്ടെത്താനും ഭൂഗർഭ ജലനിരപ്പ് താഴാതിരിക്കാനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.  മഴവെള്ള സംഭരണി നിർമ്മാണം, കിണർ പുനർനിറ മുതലായവ പദ്ധതികൾക്ക് തുടക്കമായിട്ടുണ്ട്. മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിൽ ഉൾപ്പെടുത്തി തോടുകളും പൊതുകുളങ്ങളും ശുദ്ധീകരിച്ച് മഴ വെള്ള സംഭരണികളായി നിലനിർത്താനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.  കൂടാതെ  പുതിയ കുളങ്ങളും മഴക്കുഴികളും നിർമ്മിക്കുന്നു.  ജലസുഭിക്ഷ പദ്ധതിയുടെ ഭാഗമായി മഴയെത്തുംമുമ്പെ എന്ന കിണർ റീ-ചാർജ്ജിംഗ് പദ്ധതി ആരംഭിച്ചുവെങ്കിലും ആശാവഹമായ പുരോഗതിയുണ്ടായിട്ടില്ല.

ചികിത്സാസൗകര്യത്തിന്റെ കാര്യത്തിൽ ഈ പ്രദേശം ഏറെ മുന്നോട്ടു പോകേണ്ടതുണ്ട്. 1962 ൽ പ്രവർത്തനമാരംഭിച്ച ചുനക്കര പ്രാഥമികാരോഗ്യകേന്ദ്രം ഇന്ന് രോഗികളെ കിടത്തി ചികിത്സിക്കാൻ  കഴിയുന്ന കമ്മ്യൂണിറ്റി ഹെൽത്ത് സെൻററായി മാറിയിരിക്കുന്നു.  ഈ ബ്ലോക്കിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ കൂടാതെ അഞ്ച് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ആയുർവേദ ഹോമിയോ ആശുപത്രികളും  ഇവിടെയുണ്ട്.  എങ്കിലും ആധുനിക ചികിത്സാ സൗകര്യങ്ങൾ ലഭ്യമല്ല.  അത് ഉണ്ടാകേണ്ടതുണ്ട്.

1500-ൽപരം രോഗികളുണ്ടായിരുന്ന കേരളത്തിലെ ആദ്യത്തെ കുഷ്ഠരോഗാശുപത്രിയായ നൂറനാട് ലെപ്രസി സാനട്ടോറിയത്തിൽ ഇപ്പോൾ 85 ൽ താഴെ മാത്രം അന്തേവാസികളെയുള്ളൂ. അവരുടെ  സുരക്ഷയും ജീവിത സൗകര്യങ്ങളും ഉറപ്പാക്കികൊണ്ടു തന്നെ ഈ ആശുപത്രിയെ മറ്റ് പൊതുജനങ്ങൾക്കുകൂടി ഉപകാരപ്രദമാകുന്ന തരത്തിൽ ആധുനികമാക്കാനുള്ള പദ്ധതികൾക്ക് തുടക്കം  കുറിച്ചിട്ടുണ്ട്.

ഈ ബ്ലോക്ക് പ്രദേശത്തെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ഇനിയുമേറെ മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. സ്ത്രീകളുടെ ജീവിതനിലവാരവും പ്രത്യേകിച്ച് തൊഴിൽരംഗത്തെ അവരുടെ പങ്കാളിത്തത്തിലും കുട്ടികളുടെ പോഷണ നിലവാരത്തിലും ഉയർച്ച ഉണ്ടാകേണ്ടിയിരിക്കുന്നു.

കരിമുളയ്ക്കലിൽ ഒരു ചിൽഡ്രൻസ് ഹോമും പട്ടികജാതി വിഭാഗക്കാർക്കായി ഒരു പ്രീ-മെട്രിക് ഹോസ്റ്റലും ബ്ലോക്ക് പഞ്ചായത്ത് സ്വന്തമായി വാങ്ങിച്ച സ്ഥലത്ത് പ്രവർത്തിക്കുന്നു. നൂറനാട്ടെ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ചിൽഡ്രൻസ് ഹോം കച്ചിയിൽ പരേതനായ പുരുഷോത്തമൻ അവർകൾ കരിമുളയ്ക്കൽ പണികഴിപ്പിച്ചു തന്ന കെട്ടിടത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

വിദ്യാഭ്യാസ മെഖലയിൽ കാര്യമായ മുന്നേറ്റം ബ്ലോക്ക് പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്. 7 ഹയർ സെക്കൻററി സ്കൂളുകളും 15 ഹൈസ്കൂളുകളും 4 നഴ്സിംഗ് കേളേജുകളും 2 എൻജിനിയറിംഗ്കോളേജുകളും അടുത്തകാലത്തായി ഇവിടെ ഉയർന്നുവന്നിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്.

പശ്ചാത്തല മേഖലയിൽ നല്ല മുന്നേറ്റം ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് ഉണ്ടായിട്ടുണ്ട്. ഉൾനാടൻ ഗ്രാമപ്രദേശങ്ങളിൽപോലും സഞ്ചാരയോഗ്യമായ റോഡുകളുണ്ടായിട്ടുണ്ട്. എന്നാല് അടിസ്ഥാന മേഖലയിൽ ഇനിയും വളരെ മുന്നേറാനുണ്ട്. നിരത്തുകൾക്കിരുവശമുള്ള ഓടകളുടെ അഭാവം വെള്ളം കെട്ടികിടന്ന് റോഡുകൾ നശിച്ചുപോകാൻ ഇടവരുത്തുന്നു. പണ്ടുണ്ടായിരുന്ന പല തോടുകളും കയ്യേറിയും മണ്ണുവീണ് നികന്നും പോയിട്ടുണ്ട്. ജലനിർഗ്ഗമന മാർഗ്ഗങ്ങൾ വൃത്തിയാക്കിയും ഓടകള് പണിതും നീരൊഴുക്ക് സുഗമമാക്കാനുള്ള പ്രോജക്ടുകൾക്ക് മുൻതൂക്കം നൽകേണ്ടതുണ്ട്.

2017 ജനുവരി 26 ന് ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിനെ ഹരിത പെരുമാറ്റച്ചട്ട കാര്യാലയമായി പ്രഖ്യാപിച്ചു. മാലിന്യസംസ്കരണ കാര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിന് വളരേയേറെ മുന്നേറാന് കഴിഞ്ഞിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ ആദ്യ വെളിയിട വിസർജന വിമുക്ത ബ്ലോക്കായി മാറാനും നമുക്ക് കഴിഞ്ഞു. കൂടാതെ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി പ്ലാസ്റ്റിക് ഷ്രെഡിംഗ് ആൻറ് ബെയലിംഗ് യൂണീറ്റ്, ജൈവമാലിന്യ സംസ്കരണ കേന്ദ്രങ്ങൾ (ബ്ലോക്കിലും ഗ്രാമപഞ്ചായത്ത് തലത്തിലും) ആവിഷ്കരിച്ച് നടപ്പിലാക്കി പ്രവർത്തിച്ചുവരുന്നു. ജില്ലയിലെ ഇതര ബ്ലോക്കുകളിലുള്ള 30-ൽപ്പരം ഗ്രാമപഞ്ചായത്തുകൾ നാളിതുവരെ ഈ പ്രവർത്തനങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കുന്നതിന് എത്തിയിട്ടുണ്ട് എന്നുള്ളത് മേൽ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ്.

സാംസ്കാരിക രംഗത്ത് ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് പ്രദേശം മികച്ച സംഭാവനകൾ നൽകിയിട്ടുണ്ട്. ഗുരുസ്ഥാനീയനായിരുന്ന ചുനക്കര രാമവാര്യർ, പ്രശസ്ത നാടകകൃത്തും സംവിധായകനുമായിരുന്ന തോപ്പിൽഭാസി, ഡോ. പുതുശ്ശേരി രാമചന്ദ്രൻ, ഒ. മാധവൻ, കാമ്പിശ്ശേരി കരുണാകരൻ, ചുനക്കര രാമൻകുട്ടി, ഭരണിക്കാവ് ശിവകുമാർ, നൂറനാട് ഹനീഫ തുടങ്ങി ഒട്ടേറെ സാഹിത്യകലാ നായകൻമാരും, ഇ.പി. യശോദരൻ പരേതനായ ഡോ. എൻ.ജി കുറുപ്പ് തുടങ്ങിയ ശാസ്ത്രജ്ഞൻമാരും ബ്ലോക്ക് പഞ്ചായത്തിന്റെ സന്തതികളാണ്. എല്ലാ പഞ്ചായത്തുകളിലും കലാസാംസ്കാരിക സംഘടനകളും വായനശാലകളും സാംസ്കാരിക നിലയങ്ങളും

പ്രവർത്തിക്കുന്നുണ്ടെങ്കിലും ആവശ്യത്തിനുള്ള അടിസ്ഥാനസൗകര്യങ്ങളും പ്രവർത്തനശേഷിയും ഇനിയും കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. കലാ കായികരംഗത്തെ പ്രതിഭകളെ കണ്ടെത്താനും അവരെ പ്രോത്സാഹിപ്പിക്കുവാനും പരിപോഷിപ്പിക്കുവാനുമുള്ള പദ്ധതി പ്രവർത്തനങ്ങൾ അനിവാര്യമാണ്.

പണ്ടുമുതലേ തുടരുന്നതും കാലഹരണപ്പെട്ടതുമായ പ്രോജക്ടുകൾ ഒഴിവാക്കിക്കൊണ്ട് പുതിയ കാലത്തിന്റേയും പുതുതലമുറയുടെയും ആവശ്യങ്ങൾക്ക് അനുസൃതമായ പുതിയ പ്രോജക്ടുകളാണ് നാം ഏറ്റെടുക്കേണ്ടത്. മുൻകാല പദ്ധതികള് വിലയിരുത്തുന്നതിലും പുതിയ പ്രോജക്ടുകളും സ്കീമുകളും നിർദ്ദേശിക്കുന്നതിലും ബഹുജനങ്ങളുടെ പങ്കളിത്തംകൂടി ഉറപ്പാക്കി വേണം മുന്നോട്ടു പോകുവാൻ. ബഹുജനങ്ങളിൽ നിന്നും പഴയ പദ്ധതികളും വിമർശനങ്ങളും പുതിയവ സംബന്ധിച്ച നിർദ്ദേശങ്ങളും സ്വീകരിക്കുവാനും തയ്യാറാകണം.

പദ്ധതി രൂപീകരണത്തിൽ കാണിക്കുന്നത്രയോ അതിലധികമോ ശ്രദ്ധ പദ്ധതി നടത്തിപ്പിലും ഉണ്ടാവേണ്ടതുണ്ട്. പദ്ധതി നടത്തിപ്പിന്റെ വിലയിരുത്തൽ കേവലം പണം ചെലവാക്കിയോ എന്ന അന്വേഷണത്തിൽ ഒതുക്കാതെ പദ്ധതിയിലുള്ള ഓരോ പ്രോജക്ടിലും നിർവ്വഹിച്ചിരിക്കുന്ന ഭൗതിക ലക്ഷ്യങ്ങൾ എത്രമാത്രം നേടിയെന്നതും വിലയിരുത്തണം. പദ്ധതി നടത്തിപ്പിന്റെ വിശദാംശങ്ങൾ പരമാവധി സുതാര്യമാക്കുന്നതിനും കഴിയണം.

ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ അനുപൂരകങ്ങളായ പദ്ധതികൾ ആവിഷ്കരിക്കുക വഴി 14-ാം പദ്ധതിയുടെ തുടർ വാർഷിക പദ്ധതികൾ പൂർത്തീകരണത്തോടെ ഈ ബ്ലോക്ക് പഞ്ചായത്തിനെ വളർച്ചയുടേയും സാമൂഹ്യനീതിയുടേയും പരിസ്ഥിതി രക്ഷയുടേയും സർവ്വോപരി മാലിന്യ സംസ്കരണത്തിന്റേയും തൊഴിൽ സംരംഭങ്ങളുടേയും ഒരു ഉയർന്ന പന്ഥാവിലേക്ക് എത്തിക്കാൻ കഴിയുമെന്ന ആത്മവിശ്വാസം ഞങ്ങൾക്കുണ്ട്.

******

അദ്ധ്യായം- 2

# വാർഷിക പദ്ധതി അവലോകനം

2017- 2018 പദ്ധതിക്കാലം ബ്ലോക്ക് പഞ്ചായത്തിൻറെ വികസന ചരിത്രത്തിൽ എടുത്തു പറയേണ്ട ഒന്നാണ്. ജനകീയാസൂത്രണത്തിൽനിന്നും വിഭിന്നമായി വാർഷിക പദ്ധതികൾക്ക് പ്രാധാന്യം നൽകികൊണ്ടുള്ള ഒരു പദ്ധതി പ്രവർത്തനമാണ് ഇക്കാലയളവിൽ അനുവർത്തിച്ചുപോന്നത്. പശ്ചാത്തലം, കൃഷി, കുടിവെള്ളം, ക്ഷീരവികസനം, പട്ടികജാതി വികസനം, മാലിന്യസംസ്കരണം, ഊർജ്ജോല്പാദനം എന്നിങ്ങനെ പദ്ധതികൾ വിഭാവനംചെയ്ത എല്ലാ മേഖലകളിലും ഉദ്ദേശലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്. ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിൽ 2017- 2018 സാമ്പത്തിക വർഷത്തിൽ പൊതുവിഭാഗത്തിൽ 33,48,409 രൂപയും പട്ടികജാതി വിഭാഗത്തിന് 2,30,64,417 രൂപയും പട്ടികവർഗ്ഗ മേഖലയിൽ 24,000 രൂപയുമായി ഒട്ടാകെ 65 പ്രോജക്ടുകൾ വകയിരുത്തി. ഇതിൽ പൊതു വിഭാഗത്തിൽ 33,48,409 രൂപയും (100%) പട്ടിക ജാതി വിഭാഗത്തിൽ 1,65,93,104 (72%) പട്ടികവർഗ്ഗ വിഭാഗത്തിൽ 100% ഉം ചെലവാക്കാൻ കഴിഞ്ഞു. മുൻവർഷ പ്രോജക്ടുകളിൽനിന്നും വിഭിന്നമായി ഉല്പാദനമേഖല, മാലിന്യസംസ്കരണം, ശുചിത്വം, സദ്ഭരണം, ഊർജ്ജോല്പാദനം എന്നീ മേഖലകളിൽ കൂടുതൽ പ്രാധാന്യം നൽകിയാണ് പദ്ധതികൾ വിഭാവനം ചെയ്തതും അവ നടപ്പിലാക്കിയതും. പ്ലാസ്റ്റിക് ഷ്രെഡിംഗ് ആൻറ് ബെയലിംഗ് യൂണിറ്റ് ബ്ലോക്ക് ആസ്ഥാനത്ത് സ്ഥാപിക്കുക വഴി ബ്ലോക്ക് പരിധിയിലുള്ള എല്ലാ പഞ്ചായത്തുകളിൽനിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിന് കഴിയുന്നു. കൂടാതെ വനിതാ വ്യവസായകേന്ദ്രം, വനിതാ ക്യാന്റീൻ ബ്ലോക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ മുതലായ പദ്ധതികൾ നടപ്പിലാക്കുന്നതിനും ബ്ലോക്ക് ഓഫീസില് സോളാർ പാനൽ സ്ഥാപിച്ചതുവഴി വൈദ്യുത ബില്ലില് വലിയൊരളവില് കുറവ് നേടുന്നതിനും സാധിച്ചു. ഹരിത പെരുമാറ്റച്ചട്ട കാര്യാലയം, ഭവനനിർമ്മണം, റോഡ് വികസനം തുടങ്ങി ഒട്ടേറെ അസാധാരണ പ്രോജക്ടുകളും പശ്ചാത്തല മേഖലയിലെ പ്രവർത്തനങ്ങൾ ഇ-ടെണ്ടർ മുഖേന തൃപ്തികരമായി പൂർത്തിയാക്കുവാൻ കഴിഞ്ഞുവെന്നതും എടുത്തുപറയത്തക്കതാണ്.

2018-2019

2018-19 പദ്ധതിക്കാലം ബ്ലോക്ക് പഞ്ചായത്തിൻറെ വികസന ചരിത്രത്തിൽ എടുത്തുപറയേണ്ട ഒന്നാണ്. ജനകീയാസൂത്രണത്തിൽ നിന്നും വിഭിന്നമായി വാർഷിക പദ്ധതികൾക്ക് പ്രാധാന്യം നൽകികൊണ്ടുള്ള ഒരു പദ്ധതി പ്രവർത്തനമാണ് ഇക്കാലയളവിൽ അനുവർത്തിച്ച് പോകുന്നത്. പശ്ചാത്തലം, കൃഷി, കുടിവെള്ളം, ക്ഷീരവികസനം, പട്ടികജാതി വികസനം, മാലിന്യസംസ്കരണം എന്നിങ്ങനെ പദ്ധതികള് വിഭാവനം ചെയ്ത എല്ലാ മേഖലകളിലും ഉദ്ദേശലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷം പൊതു വിഭാഗത്തിൽ 3,86,09,000 രൂപയും പട്ടികജാതി വിഭാഗത്തിൽ 2,35,46,000 രൂപയും പട്ടിക വർഗ്ഗ വിഭാഗത്തിൽ 3,33,000 രൂപയുമായി ഒട്ടാകെ 6,24,88,000 രൂപ പദ്ധതി വിഹിതമായും മെയിൻറനൻസ് ഗ്രാൻറ് ഇനത്തിൽ 45,76,000 രൂപയും ജനറൽ പർപ്പസ് ഗ്രാൻറ് ഇനത്തിൽ 40,11,996 രൂപയും ഉൾപ്പെടെ 7,10,75,996 രൂപയാണ് ലഭിച്ചത്.

പൊതുവിഭാഗത്തിൽ 91% പട്ടികജാതി വിഭാഗത്തിൽ 84% വും പട്ടികവർഗ്ഗ വിഭാഗത്തിൽ 100% തുക ചെലവഴിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. മുൻ വർഷ പ്രോജക്റ്റുകളെന്നപോലെതന്നെ ഉൽപ്പാദന മേഖല, മാലിന്യ സംസ്കരണം, ശുചിത്വം, സദ്ഭരണം എന്നീ മേഖലകളിൽ കൂടുതൽ പ്രാധാന്യം നൽകിയാണ് പദ്ധതി വിഭാവനം ചെയ്തതും നടപ്പിലാക്കിയതും.

2019-20

സാമ്പത്തിക വർഷം പൊതുവിഭാഗത്തിൽ 4,09,49,000 രൂപയും പട്ടികജാതി വിഭാഗത്തിൽ 2,38,84,000 രൂപയും പട്ടിക വർഗ്ഗ വിഭാഗത്തിൽ 3,37,000 രൂപയും മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ 53,52,000 രൂപയും ജനറൽ പർപ്പസ് ഗ്രാൻറ് ഇനത്തിൽ 44,93,000 രൂപയും ഉൾപ്പടെ 7,50,15,000 രൂപയാണ് ലഭിച്ചത്. ഉൽപ്പാദന മേഖല, ശുചിത്വം, സദ്ഭരണം, വയോജന സൗഹൃദം, മാലിന്യസംസ്കരണം, സഹയാനം - മാലിന്യ മുക്ത ഭരണിക്കാവ്, ഹരിതാഭം - ചാരുംമൂട് സൗന്ദര്യവത്കരണം തുടങ്ങിയ പദ്ധതികൾ ഉൾപ്പെടെ 100% പദ്ധതി തുക വിനിയോഗിച്ചിട്ടുള്ളതാകുന്നു.

2020-21

സാമ്പത്തിക വർഷത്തിൻറെ തുടക്കത്തിൽതന്നെ കോവിഡ് വ്യാപനം രൂക്ഷമായതിനാൽ പദ്ധതി നിർവ്വഹണം ആദ്യം മന്ദഗതിയിലായെങ്കിലും ഈ പ്രതിസന്ധിയിലും 100% തുക കാര്യക്ഷമമായി വിനിയോഗിക്കുവാൻ സാധിച്ചു.

2021-22

സാമ്പത്തിക വർഷത്തിൽ പൊതുവിഭാഗത്തിൽ 3,48,94,400 രൂപയും പട്ടികജാതി വിഭാഗത്തിൽ 2,20,70,000 രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽ 1,26,000 രൂപയും ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ 56,35,400 രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 1,04,22,000 രൂപയുമാണ് ലഭിച്ചത്. ഗാർമെൻറ് യൂണിറ്റ്, കറി പൗഡർ യൂണിറ്റ്, മെൻസ്ട്രൽ കപ്പ് വിതരണം തുടങ്ങിയ പദ്ധതികൾ ഉൾപ്പടെ 100% പദ്ധതി തുക വിനിയോഗിച്ചിട്ടുള്ളതാണ്.

2022-23

സാമ്പത്തിക വർഷത്തിൽ പൊതുവിഭാഗത്തിൽ 2,66,79,200 രൂപയും പട്ടികജാതി വിഭാഗത്തിൽ 2,42,42,000 രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽ 2,39,800 രൂപയും മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ 75,23,000/ രൂപയും ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ 56,35,400 രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബേസിക് ഇനത്തിൽ 49,29,213 രൂപയും ടൈഡ് ഗ്രാന്റിൽ 85,27,707/- രൂപയുമാണ് ലഭിച്ചത്. പൊതുവിഭാഗത്തിൽ 2,24,06,808 രൂപയും പട്ടികജാതി വിഭാഗത്തിൽ 2,03,74,938 രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽ 2,39,800 രൂപയും മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ 66,17,436/- രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബേസിക് ഇനത്തിൽ 44,53,960 രൂപയും ടൈഡ് ഗ്രാന്റിൽ 61,76,086/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

2023-24

സാമ്പത്തിക വർഷത്തിൽ പൊതുവിഭാഗത്തിൽ 1,75,79,400 രൂപയും പട്ടികജാതി വിഭാഗത്തിൽ 1,61,61,400 രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽ 92,600 രൂപയും മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ 28,50,600/- രൂപയും ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ 56,35,400/- രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബേസിക് ഇനത്തിൽ 21,83,000/- രൂപയുമാണ് ലഭിച്ചത്. 2023-24 സാമ്പത്തിക വർഷത്തിലെ പദ്ധതികൾ നിർവ്വഹണഘട്ടത്തിലാണ്.

2024-25

സാമ്പത്തിക വർഷത്തിൽ പൊതുവിഭാഗത്തിൽ 2,74,37,000 രൂപയും പട്ടികജാതി വിഭാഗത്തിൽ 2,42,42,000 രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽ 1,39,000/- രൂപയും മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ 48,44,000/- രൂപയും ജനറൽ പർപ്പസ് ഗ്രാൻറ് ഇനത്തിൽ 79,08,000/- രൂപയും ധനകാര്യ കമ്മീഷൻ ഗ്രാൻററ് ബേസിക് ഇനത്തിൽ 46,23,000/- രൂപയും ടൈഡ് ഇനത്തിൽ 69,34,000/- രൂപയുമാണ് ലഭിച്ചത്. 2024-25 സാമ്പത്തിക വർഷത്തിലെ പദ്ധതികൾ 100% ചെലവ് വരുത്തിയിട്ടുണ്ട്

2025-26

2025-26 സാമ്പത്തിക വർഷത്തിൽ പൊതുവിഭാഗത്തിൽ 3,16,21,200 രൂപയും പട്ടികജാതി വിഭാഗത്തിൽ 2,59,40,000 രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽ 2,40,800/- രൂപയും മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ 48,95,000/- രൂപയും ജനറൽ പർപ്പസ് ഗ്രാൻറ് ഇനത്തിൽ 88,67,000/- രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബേസിക് ഇനത്തിൽ 4,58,000/- രൂപയും ടൈഡ് ഇനത്തിൽ 67,62,000/- രൂപയുമാണ് ലഭിച്ചത്. 2025-26 സാമ്പത്തിക വർഷത്തിലെ പദ്ധതികൾ നിർവ്വഹണഘട്ടത്തിലാണ്.

******

## അദ്ധ്യായം- 3

# പ്രശ്നവിശകലനവും പ്രശ്നപരിഹാര സാദ്ധ്യതകളും

13-ാം പഞ്ചവത്സര പദ്ധതികാലത്ത് കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികളിൽ പച്ചക്കറി, ഇടവിള കൃഷി, വെറ്റിലകൃഷി, വാഴകൃഷി എന്നീ മേഖലകൾക്കാണ് ഊന്നൽ നൽകിയത്. ഇവയെല്ലാം തന്നെ ഓണാട്ടുകരയുടെ തനതുകാർഷികപാരമ്പര്യം നിലനിർത്തുന്നതിന് സഹായിച്ചിട്ടുണ്ടെന്നതിൽ തർക്കമില്ല. എങ്കിലും നെൽകൃഷി, എള്ളുകൃഷി എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ അഞ്ചാം പദ്ധതിയിൽ മാത്രമാണ് ഉൾക്കൊള്ളിക്കാൻ കഴിഞ്ഞത്. വർഷങ്ങളായി തരിശു കിടക്കുന്ന കൃഷിഭൂമി കൃഷിയോഗ്യമാക്കി മാറ്റുന്നതിനുള്ള അമിതമായ ചെലവും ജലലഭ്യതകുറവുമായിരുന്നു. കർഷകരെ ഈ മേഖലയിൽ നിന്നും പിന്നോട്ടടുപ്പിച്ചത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും കൃഷിവകുപ്പിൻറെയും സഹായത്തോടുകൂടി മുഴുവൻ തരിശുനിലയങ്ങളിലും ഇരുപ്പ കൃഷി സാധ്യമാകുന്ന രീതിയില് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതായിട്ടുണ്ട്.

ക്ഷീരവികസന മേഖലയിലും ആദ്യവർഷങ്ങളിൽ പദ്ധതികളൊന്നും പ്രാവർത്തികമായില്ല. എങ്കിലും അവസാന രണ്ടു പദ്ധതികളിലായി കാലിത്തീറ്റയ്ക്കും പാലിനും സബ്സിഡി സഹായം അനുവദിച്ചതു വിജയകരമായി പൂർത്തീകരിച്ചു എങ്കിലും യുവാക്കളെ ഈ രംഗത്തേക്ക് ആകർഷിക്കുന്നതിന് സഹായകമായ പുതിയപദ്ധതികൾ ഇനിയും ആവിഷ്കരിച്ച് നടപ്പാക്കേണ്ടതായിട്ടുണ്ട്. വൈക്കോൽ, തീറ്റപ്പുല്ല്, എന്നിവയുടെ അഭാവം ഈ മേഖലയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. അന്യം നിന്നു പോകുന്ന നാടൻ ഇനങ്ങളെ വളർത്തി സംരക്ഷിക്കുന്നതിനുള്ള യാതൊരു ശ്രമങ്ങളും നടക്കുന്നില്ലെന്നുള്ളത് ഗൗരവമായി കാണേണ്ടതുണ്ട്.

ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളിൽ മഞ്ഞൾ സംസ്കരണയൂണിറ്റ്, ചണം-തുണി എന്നിവകൊണ്ടുള്ള ബാഗ് നിർമാണ യൂണിറ്റ്, കറിപൗഡർയൂണിറ്റ്, ഗാർമെൻറ് യൂണിറ്റ് എന്നിവ നടപ്പിലാക്കുവാൻ കഴിഞ്ഞുവെന്നുള്ളതു എടുത്തുപറയത്തക്കതാണ്. എങ്കിലും പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി രൂപം കൊടുത്ത പദ്ധതികൾ പലതും സാങ്കേതിക സങ്കീർണ്ണതകളിൽ കുരുങ്ങി നടപ്പിലാക്കുവാന് കഴിയാതെ പോയത് ഗൗരവമായ ചർച്ച അർഹിക്കുന്നു. ജില്ലയിൽ തന്നെ ഏറ്റവും മികച്ച പച്ചക്കറി കൃഷി നടത്തുന്ന പ്രദേശമെന്ന നിലയിൽ ഇവയുടെ വിപണനത്തിനും കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും പരമ്പരാഗത വ്യവസായങ്ങളുടെയും ഉൽപ്പാദനത്തിനുമുതകുന്ന രീതിയിൽ ചെറുകിട വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

ശുചിത്വമേഖലയിൽ പൊതുബോധം സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങൾ പദ്ധതികാലയളവിൽ ഭാഗികമായെങ്കിലും വിജയിച്ചിട്ടുണ്ട്. എങ്കിലും സംസ്കരണസംവിധാനങ്ങളിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് & ബെയിലിംഗ് യൂണിറ്റ്, ജൈവമാലിന്യ സംസ്കരണ പ്ലാൻറുകള് എന്നിവ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയത് പ്രവർത്തനരഹിതമായിരിക്കുന്നത് ജൈവ അജൈവ മാലിന്യ പരിപാലനത്തിന് ഒരു

വെല്ലുവിളിയാണ്. ഹരിതാഭം ചാരുംമൂട് സൗന്ദര്യവത്ക്കരണം എന്ന പദ്ധതിയിലൂടെ പൊതുയിടങ്ങളിൽ വലിച്ചെറിയുന്ന അജൈവമാലിന്യങ്ങളുടെ തോത് കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. കുറഞ്ഞുവരുന്ന പ്ലാസ്റ്റിക്കിൻറെ ഉപയോഗം സ്വാഗതാർഹം തന്നെ. ഇനിയും ആ പദ്ധതി തുടരേണ്ടതായിട്ടുണ്ട്. കൂടാതെ ആധുനികരീതിയില് സജ്ജീകരിച്ച അറവുശാലകളും ശ്മശാനങ്ങളും സ്ഥാപിക്കുന്നതിനു കഴിയേണ്ടതായിട്ടുണ്ട്. എബിസി പ്രോഗ്രാം അടിയന്തിരമായി നടപ്പാക്കേണ്ടതുമുണ്ട്.

പശ്ചാത്തലമേഖലയിൽ ഏറ്റെടുത്ത റോഡ് പുനരുദ്ധാരണ പ്രവർത്തികളെല്ലാം തന്നെ പൂർത്തിയായിട്ടുണ്ട്. തകർന്നുകിടക്കുന്ന ഗ്രാമീണ റോഡുകൾ ഇനിയും ധാരാളമായുണ്ടെങ്കിലും 6 മീറ്റർ കുറയാത്തവ ഏറ്റെടുക്കാൻ പാടില്ലന്ന നിബന്ധന ഈ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പദ്ധതികൾ മികച്ച രീതിയിൽ പൂർത്തീകരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. പട്ടികജാതി കോളനികളും സങ്കേതങ്ങളും ഏറ്റവും കൂടുതലുള്ള പ്രദേശമെന്ന നിലയിൽ ഇനിയും ഈ മേഖലയിൽ കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കേണ്ടതായിട്ടുണ്ട്. നിശ്ചയിക്കപ്പെട്ട ഭൗതികലക്ഷ്യമനുസരിച്ച് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും എഗ്രിമെൻറ് വെയ്ക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇനിയും ഭവനരഹിതർ ധാരാളമുണ്ടെങ്കിലും ഐ.വൈ പദ്ധതിക്ക് പകരം വന്ന പി.എം.എ.വൈ (ജി) പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് 2011 ലെ എസ്.ഇ. സി. സി. ഡാറ്റ അടിസ്ഥാനമാക്കിയതിനാൽ അന്നുണ്ടായിരുന്ന പല ഗുണഭോക്താക്കളും ഇന്ന് അർഹരല്ലാതാകുകയും ഇന്ന് അർഹരായിട്ടുള്ള പല ഗുണഭോക്താക്കളും എസ്.ഇ. സി. സി. ലിസ്റ്റിൽ ഇല്ലാത്തതിനാലും പി.എം.എ വൈ (ജി) പദ്ധതിയിൽ ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആയത് ആവാസ് സോഫ്റ്റ് പ്രകാരം പരിഹരിക്കാൻ കഴിയുന്നതാണ്. നിലവിൽ 118 ഗുണഭോക്താക്കളുടെ നിർമാണം പുരോഗമിക്കുന്നു. പട്ടികജാതി വിഭാഗങ്ങളുടെ വിദ്യാഭ്യസത്തിനും തൊഴിൽ സംരംഭങ്ങൾ കണ്ടെത്തുന്നതിനും ആവശ്യമായ പദ്ധതികൾ സമന്വയിപ്പിക്കേണ്ടതാണ്.

ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്നവരുടെയും വയോജനങ്ങളുടെയും ക്ഷേമത്തിനായി നൂതന പദ്ധതികൾ കാലോചിതമായി ആവിഷ്ക്കരിക്കേണ്ടതായിട്ടുണ്ട്. വൃദ്ധസദനങ്ങളും പകൽ വീടുകളും വിഭാവനം ചെയ്യുന്നുണ്ടെങ്കിലും പ്രയോഗിക സമീപനത്തിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. പൊതുഇടങ്ങളെ ഭിന്നശേഷി സൗഹൃദവും വയോജനസൗഹൃദവുമാക്കുന്നതിനുള്ള പദ്ധതികൾ ഇനിയും നടപ്പാക്കേണ്ടതായിട്ടുണ്ട്. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന 14-ാം പദ്ധതിയുടെ കാലയളവിൽ ഈ മേഖലയിൽ കൂടുതൽ തുടർ പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നു.

******

## അദ്ധ്യായം 4

# വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം

സംസ്ഥാന സർക്കാരിന്റെ നവകേരള ജനകീയാസൂത്രണ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളോട് പൂർണ്ണമായും നീതി പുലർത്തികൊണ്ടുള്ള ഒരു വികസന കാഴ്ചപ്പാടാണ് പദ്ധതിരേഖയിൽ മുന്നോട്ട് വെയ്ക്കുന്നത്. ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാ ചുമതലയിൽപ്പെടാത്തതിനാൽ സമഗ്രവിദ്യാഭ്യാസം ലക്ഷ്യമാക്കിയുള്ള ഒരു പൂർണ്ണ നയസമീപനം സാദ്ധ്യമല്ല എങ്കിലും സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് ആരോഗ്യ പദ്ധതിയായ ആർദ്രം കാലഘട്ടത്തിന് ഏറ്റവും അത്യന്താപേഷിതമായ മണ്ണ്, ജലസംരക്ഷണത്തിനുള്ള ഹരിതകേരളം എന്നീ മൂന്ന ഘടകങ്ങൾക്കും പതിനാലാം പദ്ധതിയിലെ തുടർ വാർഷിക പദ്ധതിയിൽ ഊന്നൽ നൽകുന്നു.

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി, എം.കെ.എസ്.പി, മറ്റു കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി ബ്ലോക്ക് പരിധിയിലെ മുഴുവൻ തരിശുപാടങ്ങളും സ്ഥലങ്ങളും കൃഷിയോഗ്യമാക്കുന്നതിനും നെൽകൃഷിക്കും പച്ചക്കറികൃഷിക്കും പ്രോത്സാഹനം നൽകുന്നതിന് പരമ്പരാഗതവും നൂതനവുമായ ജൈവസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി കാർഷികമേഖലയുടെ വളർച്ച ലക്ഷ്യം വെയ്ക്കുന്നു. അതിനാവശ്യമായ പരിശീലന പ്രവർത്തനങ്ങളും മറ്റും നടത്തുന്നതിന് ബ്ലോക്ക് ആസ്ഥാനത്ത് കാർഷിക പരിശീലന കേന്ദ്രത്തിൻറെ നിർമ്മാണ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു.

മൃഗസംരക്ഷണ, ക്ഷീരവികസന മേഖലയില് സ്വയംപര്യാപ്തത നേടിയെടുക്കുക, അത് നിലനിർത്തുക എന്നതാണ് 14-ാം പദ്ധതിയുടെ തുടർ വാർഷിക പദ്ധതികളിൽ ലക്ഷ്യം വയ്ക്കുന്നത്. ആധുനിക പ്രജനനസമ്പ്രദായത്തിലൂടെ വികസിപ്പിച്ചെടുക്കുന്ന ജനുസ്സുകൾക്കൊപ്പം തനി നാടന് ഇനങ്ങളെ തിരിച്ച് കൊണ്ടുവന്ന് സംരക്ഷിച്ച് ഭാവിതലമുറയ്ക്ക് കൈമാറുകയെന്ന ഭാരിച്ച ഉത്തരവാദിത്വം നിറവേറ്റേണ്ടതായിട്ടുണ്ട്. ക്ഷീരസംഘങ്ങൾ വഴി പാല് വിതരണം ചെയ്യുന്ന മുഴുവൻ കർഷകർക്കും ധനസഹായം നൽകുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ആധുനിക കറവയന്ത്രങ്ങൾ വിതരണം ചെയ്യും സബ്സിഡി മാനദണ്ഡങ്ങൾ കൂടുതൽ ഉദാരമാക്കിയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് വഴി തീറ്റപ്പുൽ, അസോള എന്നിവയുടെ കൃഷി വ്യാപിപ്പിച്ചും നെൽകൃഷി വ്യാപിപ്പിക്കുന്നതിലൂടെ ആവശ്യമായ വൈക്കോൽ ലഭ്യമാക്കിയും

ചെറുകിട വ്യവസായവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത 1975 വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. കാർഷിക മേഖലയിലും മൃഗ-ക്ഷീരവികസന മേഖലയിലും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണ വിവപണന സാധ്യതകൾ പ്രോത്സാഹിപ്പിക്കുന്നതിനും പരമ്പരാഗത ചെറുകിട വ്യവസായങ്ങൾ പരിപോഷിപ്പിക്കുന്നതിനുമുള്ള ഒരു കാഴ്ചപ്പാടാണ് 14-ാം പദ്ധതി ലക്ഷ്യമിടുന്നത്. പേപ്പർ, ചണ, തുണി, കാരിബാഗുകളുടെ നിർമ്മാണത്തിന് കുടുംബശ്രീ സംവിധാനവുമായി സമന്വയിപ്പിച്ച് ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് 2025-26 സാമ്പത്തിക വർഷത്തിൽ ലക്ഷ്യം വയ്ക്കുന്നു. 2026 ആകുമ്പോഴേക്കും ഗ്രൂപ്പ് സംരംഭങ്ങൾ പരമാവധി

ആരംഭിച്ച് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും ബ്ലോക്ക് പരിധിയിൽ ഒരു ചെറുകിട വ്യവസായ എസ്റ്റേറ്റ് സ്ഥലം ലഭ്യമാക്കി ആരംഭിക്കുന്നതിനും ലക്ഷ്യം വയ്ക്കുന്നു. സബ്സിഡി മാനദണ്ഡങ്ങൾ കൂടുതൽ ഉദാരമാക്കിയും പലിശരഹിത വായ്പകൾ കണ്ടെത്തിയും പിന്നോക്ക വിഭാഗങ്ങൾക്കായി കൂടുതൽ ഗ്രൂപ്പുകൾ, സംരംഭങ്ങൾ ആരംഭിച്ചും വലിയ മുന്നേറ്റം ഈ മേഖലയിൽ എത്തിപ്പിടിക്കാൻ കഴിയും.

പരിസ്ഥിതി സൗഹൃദവും സാമൂഹ്യനീതിയിൽ അധിഷ്ഠിതവുമായ ഒരു വികസന കാഴ്ചപ്പാട് തുടർന്നുള്ള പദ്ധതി വിഭാവനം ചെയ്യുന്നു. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിൽപ്പെടുന്നവരേയും ബാലസൗഹൃദവും വനിതാസൗഹൃദവും വയോജനസൗഹൃദവുമായ പദ്ധതികള് ഗ്രാമ-ജില്ലാ പഞ്ചായത്തുകളിലൂടെ നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു. അംഗപരിമിതർ, അക്രമങ്ങ ൾക്കിരയായവർ എന്നിവരെ സുരക്ഷിതമായും അന്തസുള്ളതുമായ ജീവിത സാഹചര്യ ത്തിലേക്ക് കൈപിടിച്ചുയർത്തിയും വനിതകളെ സാമൂഹിക ജീവിതത്തിൽ തുല്യപങ്കാളിയാക്കിയും രാജ്യപുരോഗതിയുടെ ആണിക്കല്ല് ആരോഗ്യകരമായ സമൂഹമാണ് എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ട് കുട്ടികൾക്ക വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ചും ലക്ഷ്യം നേടിയെടുക്കണം.

മുൻ പദ്ധതിക്കാലയളവിൽ ആരംഭിച്ച വയോജന സൗഹൃദവും ഭിന്നശേഷി സൗഹൃദവുമായ പദ്ധതികൾ 2026–27 ൽ പുതിയ പദ്ധതിയിലൂടെ തുടരേണ്ടതുണ്ട്. കൂടാതെ ശിശുകേന്ദ്രങ്ങളായ അംഗനവാടികൾക്ക് പ്രാധാന്യം നൽകികൊണ്ടുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. വികേന്ദ്രീകൃത കേന്ദ്രങ്ങളായ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ പദ്ധതികള് സംയോജിപ്പിച്ച് അംഗപരിമിതരായവർക്ക് ആവശ്യമായ ഉപകരണങ്ങൾ നൽകിയും വനിതകളുടേയും വയോജനങ്ങളുടേയും കുട്ടികളുടേയും ക്ഷേമം ഉറപ്പിക്കുന്ന തരത്തിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിയും പൂർണ്ണ സംതൃപ്തരായ ഒരു ഗുണഭോക്തൃ സമൂഹത്തെ വാർത്തെടുക്കുകയെന്നതാണ് ലക്ഷ്യം. സാമൂഹ്യനീതി വകുപ്പിന്റെ പ്രവർത്തനങ്ങളും പദ്ധതികളും ഇതിന് മുതൽക്കൂട്ടാകുമെന്നതിന് തർക്കമില്ല. 2027 ആകുമ്പോൾ മുഴുവൻ അംഗനവാടികൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവുമെന്ന വലിയ ലക്ഷ്യം കൈവരിക്കുവാൻ കഴിയണം. മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പപദ്ധതിയുടെ സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തിയുള്ള ഒരു പദ്ധതിയാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

വനിതാക്യാന്റീൻ, തുണിസഞ്ചി നിർമ്മാണം, സഞ്ചരിക്കുന്ന ഭക്ഷണശാല തുടങ്ങിയ വനിതാ സ്വയംതൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിച്ചും ജാഗ്രതസമിതികൾ രൂപീകരിച്ചും വനിതാസൗഹൃദ ടോയിലെറ്റുകൾ നിർമ്മിച്ചും യോഗ, കായിക പരിശീലന ക്ലാസ്സുകൾ നടത്തിയും ഒരു സ്ത്രീ ശാക്തീകരണ മാതൃക ഈ മേഖലയിൽ സൃഷ്ടിക്കും.

